ഭരണഭാഷ - മാതൃഭാഷ

നം. ഇ.എക്സ്.സി./5757/2017-എക്സ്.സി.4

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 21 /12/2018

# സർക്കുലർ

വിഷയം:- അബ്കാരി - ഓൺലൈൻ അപേക്ഷകൾ പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഇല്ല.

സർവ്വീസ് പ്ലസ് ആപ്ലിക്കേഷൻ മുഖേന എക്സൈസ് വകുപ്പ് ലഭ്യമാക്കുന്ന വിവിധ ഇനം ലൈസൻസ്/പെർമിറ്റുകൾക്കുള്ള ഓൺലൈൻ അപേക്ഷകൾ ഉന്നതതല ഓഫീസുകളിൽ പരിശോധിക്കുമ്പോൾ അപേക്ഷയിലും അതിനോടൊപ്പം സമർപ്പിക്കുന്ന അനുബന്ധ രേഖകളിലും വളരെയധികം അപാകതകൾ ശ്രദ്ധയിൽപ്പെടുന്നു. പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ടി അപേക്ഷകൾ തിരികെ അയക്കേണ്ടി വരുന്നതിനാലും അപാകത പരിഹരിച്ച അപേക്ഷകളുടെ പുനപരിശോധനയ്ക്ക് അതേ നടപടിക്രമങ്ങൾ ആവർത്തിക്കേണ്ടതിനാലും പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നതായും കാണപ്പെടുന്നു. പ്രസ്തുത അപേക്ഷകളിലെ അപാകതകൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി പരിഹരിക്കുന്ന പക്ഷം അനാവശ്യമായ നടപടിക്രമങ്ങളും ക്രമാതീതമായ കാലതാമസവും ഒഴിവാക്കുന്നതിന് സാധിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ, ഓൺലൈൻ അപേക്ഷകൾ പരിശോധിക്കുമ്പോൾ സാധാരണയായി കണ്ടുവരുന്ന അപാകതകൾ സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അപേക്ഷ പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ കണ്ടെത്തിയാൽ ആയത് പ്രാരംഭ ഘട്ടത്തിൽ തന്നെ പരിഹരിച്ചതിന് ശേഷം മാത്രം മേൽ ഓഫീസുകളിലേക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. പ്രസ്തുത അപേക്ഷയിലെ വിവരങ്ങളാണ് ലൈസൻസ് അടക്കമുള്ള ആധികാരിക രേഖകളിലേക്ക് പകർത്തപ്പെടുന്നത് എന്നതിനാൽ ടി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം പ്രാഥമിക പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. അപേക്ഷയിൽ തുടർനടപടികൾ സ്വീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത വിവരങ്ങൾ ഒരു ഘട്ടത്തിലും തിരുത്താനാകില്ലാത്തതാണ്. ആയതിനാൽ അനിവാര്യമായ സാഹചര്യങ്ങളിൽ, സമർപ്പിച്ച അപേക്ഷ റദ്ദ് ചെയ്ത് പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകേണ്ടതുമാണ്.

1. ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എല്ലാ രേഖകളും വ്യക്തവും സ്പഷ്ടവുമായിരിക്കേണ്ടതും ആയതിലെ രേഖപ്പെടുത്തലുകൾ വായിക്കത്തക്കതും വരകൾ തിരിച്ചറിയത്തക്കതും ആയിരിക്കേണ്ടതുമാണ്. പ്രസ്തുത രേഖകൾ റസലൂഷൻ തീരെ കുറഞ്ഞ രീതിയിലോ തലതിരിഞ്ഞും വശങ്ങളിലേക്ക് ചരിഞ്ഞുമുള്ള രീതിയിലോ അപ്‌ലോഡ് ചെയ്യുവാൻ പാടുള്ളതല്ല.

2. ഓൺലൈൻ അപേക്ഷയിലും അനുബന്ധ രേഖകളിലും രേഖപ്പെടുത്തിയിരിക്കുന്ന അപേക്ഷകന്റെയും എല്ലാ സ്ഥാപന ഉടമകൾ/ ഡയറക്ടർമാരുടെയും പേര്, പദവി, മേൽവിലാസം തുടങ്ങിയവ സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ഒന്ന് തന്നെയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയതിൽ വ്യത്യാസമുള്ള പക്ഷം വില്ലേജ് ഓഫീസറുടെ One and the Same സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

3. സ്ഥാപനത്തിന്റെ പേരും വിലാസവും അപേക്ഷയിലും അനുബന്ധ രേഖകളിലും സമാനമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. അപേക്ഷകന്റെ കൂടാതെ എല്ലാ സ്ഥാപന ഉടമകൾ/ ഡയറക്ടർമാരുടെയും സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖകൾ, എക്സൈസ്/AWWF /TWWFB ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ, നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം എന്നീ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5 എക്സൈസ്/AWWF /TWWFB ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ അവരവരുടെ താമസസ്ഥലത്ത് അധികാര പരിധിയുള്ള ഓഫീസുകളിൽ നിന്നുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ടിയാളുകൾ മറ്റ് എക്സൈസ് ലൈസൻസ് സ്ഥാപനങ്ങളുടെ ലൈസൻസി കൂടിയാണെങ്കിൽ പ്രസ്തുത സ്ഥലത്തെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

6. എക്സൈസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ വിദേശമദ്യ ചട്ടങ്ങളിലെ ചട്ടം 13(A)(4) പ്രകാരം തന്നെ നൽകുന്നതിന് ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

7. AWWF /TWWFB ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ മുൻവർഷാവസാനം വരെയുള്ള ബാദ്ധ്യതകൾ നിർണ്ണയിച്ച് രേഖപ്പെടുത്തിയിട്ടുള്ളവ ആയിരിക്കണം.

8 വസ്തു/കെട്ടിടം സംബന്ധിച്ച സർവ്വേ നമ്പർ, കെട്ടിട നമ്പർ തുടങ്ങിയ വിവരങ്ങൾ അപേക്ഷയിലും അനുബന്ധ രേഖകളിലും, രേഖപ്പെടുത്തിയിരിക്കുന്നത് കൈവശാവകാശ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകളിലുള്ളത് പ്രകാരം തന്നെയാണെന്നും ഇത്തരത്തിലുള്ള എല്ലാ വസ്തു/കെട്ടിടം സംബന്ധിച്ച സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്

കൈവശാവകാശം/ ഉടമസ്ഥാവകാശം സ്ഥാപനത്തിന്റെ പേരിലല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം/ വാടക ഉടമ്പടി ഹാജരാക്കേണ്ടതാണ്.

9. മിനിറ്റ്സിലെ പരാമർശങ്ങൾ അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുന്നതായിരിക്കണം.

10. പാർട്ണർഷിപ്പ് ഡീഡ്/ മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷനിലെയും നിലവിലുള്ളതുമായ അംഗങ്ങളെ സംബന്ധിച്ച് ടി രേഖകളും രജിസ്ട്രാർ ഓഫ് കമ്പനീസിലെ വിവരങ്ങളും പരിശോധിച്ച് സമാനമാണെന്ന് ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം ടി വ്യതിയാനം സാധൂകരിക്കുന്ന രേഖകൾ (DIR 12/ Form 32/ നിലവിലുള്ള പാർട്ണർഷിപ്പ് ഡീഡ്) ഹാജരാക്കേണ്ടതുമാണ്

11. വാടക ഉടമ്പടി/ പാർട്ണർഷിപ്പ് ഡീഡ് തുടങ്ങിയവ നിയമാനുസരണം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

12 നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിൽ ആവശ്യമായ വിവരങ്ങളെല്ലാം ശരിയായ രീതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

13. സ്ഥാപനത്തിന് സമീപത്തുള്ള ഒഴിവാക്കപ്പെട്ട/ഒഴിവാക്കണമെന്നുള്ള സൈറ്റുകളിലേക്കുള്ള ദൂരം, ദിശ തുടങ്ങിയവയും സ്ഥാപനത്തിന്റെ അതിർത്തികളും എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ സ്കെച്ചിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. നിയമാനുസരണമുള്ള ദൂരപരിധിയിൽ നിന്നും ചെറിയ അളവിൽ മാത്രം ദൂരവ്യത്യാസമുള്ള കേസുകളിൽ ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർ പുനഃപരിശോധന നടത്തി ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം അപേക്ഷകൾ ശുപാർശ ചെയ്ത് സമർപ്പിക്കേണ്ടതാണ്.

14. പഞ്ചായത്തുകളുടെ പരിധിക്കകത്ത് ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്റർ ദൂരം പാലിക്കാതെയുള്ള സ്ഥാപനങ്ങളുടെ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നുള്ള ജനസംഖ്യ തെളിയിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്

15. കെട്ടിടത്തിന്റെ പ്ലാനിൽ എല്ലാ നിലകളും സൈറ്റ്, എലവേഷൻ എന്നിവയും ഉൾപ്പെടുത്തേണ്ടതും ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അംഗീകരിച്ചിട്ടുള്ളതായിരിക്കേണ്ടതുമാണ്. പ്രസ്തുത പ്ലാനിൽ ബാർ/ബിയർ-വൈൻ പാർലർ റൂം, കൗണ്ടർ, ലിക്വർ സ്റ്റോർ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ടി വിവരങ്ങൾ രേഖപ്പെടുത്തിയ മറ്റൊരു പ്ലാൻ കൂടി സമർപ്പിക്കേണ്ടതും ആയതിൽ അംഗീകൃത പ്ലാനിൽ നിന്നും കെട്ടിടത്തിന്